**പതിമൂന്നാം കേരള നിയമസഭ**

**പന്ത്രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 2266** **09.12.2014-ൽ മറുപടിയ്ക്ക്**

# മലപ്പുറം ജില്ലയിലെ റൂറൽ ഇലക്ട്രിസിറ്റി ഡിസ്ട്രിബ്യൂഷൻ ബാക്ക്ബോൺ.

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. എൻ. എ. ഖാദർ : | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പു മന്ത്രി) |
| (എ) മലപ്പുറം ജില്ലയിലെ റൂറൽ ഇലക്ട്രിസിറ്റി ഡിസ്ട്രിബ്യൂഷൻ ബാക്ക്ബോൺ (REDB) എന്നാണ് പ്രവർത്തനം ആരംഭിക്കേണ്ടിയിരുന്നതെന്ന് അറിയിക്കുമോ ; | മലപ്പുറം ജില്ലയിൽ, രാജീവ് ഗാന്ധി ഗ്രാമീണ വൈദ്യുതീകരണ യോജനയുടെ റൂറൽ ഇലക്ട്രിസിറ്റി ഡിസ്ട്രിബ്യൂഷൻ ബാക് ബോണിന്റെ (REDB) ഭാഗമായി മങ്കടയിൽ ഒരു 66/11 കെ.വി.സബ്സ്റ്റേഷനും അനുബന്ധ ലൈനുകളും സ്ഥാപിക്കുന്നതിന് റൂറൽ ഇലക്ട്രിഫിക്കേഷൻ കോർപ്പറേഷനിൽ (REC) നിന്നും 10.03.2010 -ൽ അംഗീകാരം ലഭിച്ചു.<br>അംഗീകാരത്തിന്റെ നിബന്ധനകൾ അനുസരിച്ച് ടേൺ കീ ടെണ്ടർ ക്ഷണിക്കുകയും, ഹൈദ്രാബാദിലെ ആസ്റ്റർ എന്ന കമ്പനിക്ക് ഈ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് 30.10.2011 -ൽ കരാർ നല്കി, 10.02.2012 -ൽ പദ്ധതി പ്രവൃത്തികൾ ആരംഭിച്ചു. |
| (ബി) ഈ പദ്ധതി ആരംഭിയ്ക്കുന്നതിൽ അസാധാരണമായ കാലവിളംബം ഉണ്ടായിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) ഉണ്ട്. നാളിതുവരെയായി ഏകദേശം 62ശതമാനത്തോളം പ്രവൃത്തികൾ പൂർത്തീകരിച്ചു. |
| (സി) ഈ പദ്ധതിയ്ക്കാവശ്യമായ ഭൂമിയുടെ വികസന പ്രവർത്തനങ്ങൾ പൂർത്തിയായിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്താണ് കാരണം ; | (സി) ഭൂമിയുടെ വികസന പ്രവർത്തനങ്ങൾ നടത്തി, സബ്സ്റ്റേഷൻ നിർമ്മാണം പൂർത്തിയായി വരുന്നു. |
| (ഡി) ഈ പദ്ധതി അടിയന്തിരമായി പൂർത്തിയാക്കുന്നതിന് സർക്കാർ പ്രത്യേക ശ്രദ്ധ നൽകുമോ ? | (ഡി) പദ്ധതി പൂർത്തീകരിക്കുന്നതിന് 31.01.2015 വരെ സമയം നീട്ടുന്നതിന് അനുമതി നൽകണമെന്ന് കോൺട്രാക്ടർ അപേക്ഷിച്ചിട്ടുണ്ട്. ഈ കാലാവധിയ്ക്കുള്ളിൽ പദ്ധതി പൂർത്തീകരിക്കുന്നതിനുള്ള ശ്രമത്തിലാണ്. |

**സെക്ഷൻ ഓഫീസർ.**